**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

എയ്ഡഡ് സ്കൂളുകളിൽ 2018-2019 അദ്ധ്യയനവർഷം ദിനവേതനാടിസ്ഥാനത്തിൽ താല്ക്കാലിക അദ്ധ്യാപക നിയമനം- മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച്- ഉത്തരവാകുന്നു.

---

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

**സ.ഉ.(സാധാ) നം./1841/2018/പൊ.വി.വ** തീയതി,തിരുവനന്തപുരം, 18/05/2018

---

പരാമർശം:- 1. 2.2.2017 ലെ സ.ഉ (സാധാ) നമ്പർ2079/17/പൊ.വി.വ

2. 27.4.2018 ലെ നമ്പർ എച്ച്2/21500(1)/2018/ ഡി.പി.ഐ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം 2017-18 വർഷം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ 30 ദിവസത്തിലധികം ദൈർഘ്യമുള്ള ഒഴിവുകളിൽ ദിനവേതനാടിസ്ഥാനത്തിൽ താൽക്കാലിക അദ്ധ്യാപകരെ നിയമിക്കാൻ അനുമതി നൽകിയിരുന്നു. പരാമർശം (2) പ്രകാരം 2018-19 അദ്ധ്യയന വർഷവും ദിനവേതനാടിസ്ഥാനത്തിൽ താൽക്കാലിക അദ്ധ്യാപകരെ നിയമിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് പൊതുവിദ്യാഭ്യാസഡയറക്ടർ അഭ്യർത്ഥിച്ചു. ഇക്കാര്യം സർക്കാർ പരിശോധിച്ച് ചുവടെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി 2018-19 അദ്ധ്യയന വർഷവും എയ്ഡഡ് സ്കൂളുകളിൽ ദിനവേതനാടിസ്ഥാനത്തിൽ താൽക്കാലിക അദ്ധ്യാപക നിയമനങ്ങൾ നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:-

1. സർക്കാരും പൊതുവിദ്യാഭ്യാസ ഡയറക്ടറും പുറപ്പെടുവിച്ചിട്ടുള്ള മുൻകാല ഉത്തരവുകളിലെ വ്യവസ്ഥകൾ നിർബന്ധമായും പാലിച്ചിരിക്കേണ്ടതാണ്.
2. കെ-ടെറ്റ് യോഗ്യത നേടിയവർ /നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം കെ-ടെറ്റ് പാസ്സാകുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടുള്ളവർ എന്നിവരെയാണ് ദിനവേതനാടിസ്ഥാനത്തിലും നിയമിക്കേണ്ടത്. അങ്ങനെയുള്ളവരുടെ അഭാവത്തിൽ മാത്രം കെ-ടെറ്റ് യോഗ്യതയില്ലാത്തവരെ നിയമിക്കാവുന്നതാണ്. ഈ സന്ദർഭങ്ങളിൽ മേൽ യോഗ്യതയുള്ളവരുടെ അഭാവം സംബന്ധിച്ച ഡിക്ളറേഷൻ മാനേജർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ ഹാജരാക്കേണ്ടതാണ്.
3. 180 ദിവസം മുതൽ ഒരു അക്കാദമിക വർഷത്തിൽ താഴെ വരെ ദൈർഘ്യമുള്ള ഒഴിവുകളിലേക്ക് പ്രസ്തുത മാനേജ്മെന്റിൽ താൽക്കാലികമായി പുനർവിന്യസിക്കപ്പെട്ട സംരക്ഷിതാദ്ധ്യാപകരുണ്ടെങ്കിൽ അവരെ തിരികെ വിളിക്കാവുന്നതാണ്. സ്ഥിരമായി പുനർവിന്യസിക്കപ്പെട്ട സംരക്ഷിതാ-ദ്ധ്യാപകരുണ്ടെങ്കിൽ അവരെ തിരികെ വിളിക്കേണ്ടതില്ല.
4. 28-04-2017-ലെ ജി.ഒ (പി) നമ്പർ 56/2017/ധന പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരാകുന്ന പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് പ്രതിദിനം 895/-രൂപയും (പ്രതിമാസം

പരമാവധി 25900/-രൂപ), ഹൈസ്കൂൾ ടീച്ചർ പ്രതിദിനം 1025/- രൂപയും (പ്രതിമാസം പരമാവധി 29700/-രൂപ) പാർട്ട് ടൈം ഹൈസ്കൂൾ ഭാഷാദ്ധ്യാപകർക്ക് പ്രതിദിനം 710/-രൂപയും (പ്രതിമാസം പരമാവധി 19850/-രൂപ), പ്രൈമറി സ്കൂൾ പാർട്ട് ടൈം ഭാഷാദ്ധ്യാപകർക്ക് 685/- രൂപയും (പ്രതിമാസം പരമാവധി 18450/-രൂപ) വേതനമായി അനുവദിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എ ച്ച്. നജീബ്**
**ജോയിൻറ് സെക്രട്ടറി**

പകർപ്പ്:പൊ.വി.ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊ.വി.ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി@ സ്കൂൾ, തിരുവനന്തപുരം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പബ്ളിക്ക് റിലേഷൻസ്(വെബ് & ന്യൂമീഡിയ) വകുപ്പ്(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)/(പ്രസ്സ് റിലീസ്)
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ